"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-കോവിഡ് 19 പശ്ചാത്തലത്തിൽ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ പ്രവൃത്തികൾ ആരംഭിക്കുന്നത്-മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(കൈ) നം.65/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/04/2020

പരാമർശം:- 1 കേന്ദ്ര ഗ്രാമവികസന വകുപ്പ് സെക്രട്ടറിയുടെ 15.04.2020-ലെ ഡി.ഒ.നം.ജെ.-1106014/2019/RE-VI നമ്പർ കത്ത്

2 ദേശീയ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 08.04.2020-ലെ 2165/ഇ.ജി.എസ്.സി/17/ആർ.ഇ.ജി.എസ് നമ്പർ കത്ത്

3 സ.ഉ.(കൈ) നം.78/2020/ജി.എ.ഡി.തീയതി 17.04.2020

4 സ.ഉ.(കൈ) നം.68/2020/എച്ച് & എഫ്.ഡബ്ല്യൂ.ഡി. തീയതി 19.04.2020

## ഉത്തരവ്

കോവിഡ്-19 വ്യാപനം നിയന്ത്രണാധീനമായിട്ടുള്ള പ്രദേശങ്ങളിൽ തൊഴിലാളികൾ സാമൂഹിക അകലം പാലിച്ചും ഫെയിസ് മാസ്ക് നിർബന്ധമായും ധരിച്ചും പ്രവൃത്തി നടത്തണം എന്ന നിബന്ധനയോടെ 20-04-2020 മുതൽ ദേശീയ മഹാത്മാ ഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ പ്രവൃത്തികൾ ആരംഭിക്കാൻ കേന്ദ്ര സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ സാഹചര്യം വിലയിരുത്തിയ ശേഷം റെഡ് കാറ്റഗറി ആയി പ്രഖ്യാപിച്ചിട്ടുള്ള ജില്ലകളിലും മറ്റു ജില്ലകളിലെ ഹോട്ട് സ്പോട്ടായി കണ്ടെത്തിയിട്ടുള്ള പഞ്ചായത്തുകളിലും ഒഴികെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലുള്ള പ്രവൃത്തികൾ ആരംഭിക്കാൻ പരാമർശം ( 3 ) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. നിലവിൽ ഹോട്ട്സ്പോട്ടായി കണ്ടെത്തിയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പട്ടിക പരാമർശം (4) പ്രകാരം പുറത്തിറക്കിയിട്ടുണ്ട്. രോഗവ്യാപനത്തിന്റെ സ്ഥിതി അനുസരിച്ച് ഈ പട്ടികയിൽ ദൈനംദിന കൂട്ടിച്ചേർക്കലുകൾ ഉണ്ടാവാൻ സാധ്യത ഉള്ളതായും ഓരോ ആഴ്ചയിലേയും സ്ഥിതിഗതികൾ വിലയിരുത്തിയായിരിക്കും പട്ടികയിൽ ഉൾപ്പെട്ട തദ്ദേശസ്വയംഭരണ പ്രദേശങ്ങളെ പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതെന്നും ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

2. 2020-21 സാമ്പത്തിക വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ 8 ലക്ഷം കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് കേന്ദ്ര സർക്കാർ അംഗീകാരം നൽകുകയും പ്രതിദിന വേതനം 291 രൂപയായി പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിലെ ലോക്ക് ഡൗൺ നടപടികൾ മൂലം വൻ തൊഴിൽ നഷ്ടവും പ്രാദേശിക സമ്പദ് വ്യവസ്ഥയിൽ തിരിച്ചടിയും ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ പിൻവലിക്കുന്ന മുറയ്ക്ക് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തികൾ ആരംഭിക്കുന്നത് ഗ്രാമീണ കുടുംബങ്ങൾക്ക് സാമ്പത്തികമായി വലിയ ആശ്വാസമായിത്തീരുമെന്നും ആയതിനാൽ കോവിഡ്-19

ബാധ ക്രിട്ടിക്കൽ അല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ പ്രവൃത്തികൾ ആരംഭിക്കാൻ അനുവാദം നൽകണമെന്നും പരാമർശം (2) പ്രകാരം മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ കോവിഡ്-19 റെഡ് കാറ്റഗറി ആയി പ്രഖ്യാപിച്ചിട്ടുള്ള ജില്ലകളിലും മറ്റു ജില്ലകളിലെ ഹോട്ട് സ്പോട്ടായി കണ്ടെത്തിയിട്ടുള്ള പഞ്ചായത്തുകളിലും ഒഴികെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിലുള്ള പ്രവൃത്തികൾ ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ഏറ്റെടുക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

I. പ്രവൃത്തി സ്ഥലത്ത് തൊഴിലാളികൾ ശാരീരിക അകലം പാലിച്ചും മുഖാവരണം (ഫെയിസ് മാസ്ക്) നിർബന്ധമായും ധരിച്ചും ആയിരിക്കണം പ്രവൃത്തി നടത്തേണ്ടത്.

II. പ്രവൃത്തി സ്ഥലത്ത് അഞ്ച് പേരിൽ കൂടുതൽ കൂട്ടം കൂടുന്ന തരത്തിൽ പ്രവൃത്തി എടുക്കാവുന്നതല്ല.

III. പൊതു സ്വഭാവമുള്ളതാണെങ്കിലും ഓരോ പ്ലോട്ടും ഒരു പ്രവൃത്തിയായി ഏറ്റെടുക്കേണ്ടതാണ്.

IV. ജലസേചന/ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്.

V. പരാമർശം (4) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഹോട്ട്സ്പോട്ട് പ്രദേശങ്ങൾക്ക് പുറമെ ഏതെങ്കിലും പഞ്ചായത്ത് ഹോട്സ്പോട്ട് പട്ടികയിൽ ഇടം പിടിക്കുന്നുണ്ടോ എന്നത് മിഷൻ ഡയറക്ടർ/ജോയിന്റ് പ്രോഗ്രാം കോഓർഡിനേറ്റർമാർ ദിനംപ്രതി പരിശോധിക്കേണ്ടതും അപ്രകാരമുള്ള പഞ്ചായത്തുകളിൽ പ്രവൃത്തികൾ നിർത്തി വെക്കാൻ അടിയന്തിര നിർദ്ദേശം നൽകേണ്ടതുമാണ്.

VI. പ്രവൃത്തി സ്ഥലത്ത് ചുവടെ പറയുന്ന വിധത്തിലുള്ള ബ്രേക്ക് ദി ചെയിൻ പ്രോട്ടോക്കോൾ പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത്, അക്രഡിറ്റഡ് എഞ്ചിനിയർ/ഓവർസിയർമാർ/ഇതര ഉദ്യോഗസ്ഥർ മുഖേന ഉറപ്പ് വരുത്തണം.

1.തൊഴിൽ തുടങ്ങുന്നതിനു മുന്നേയും, ഇടവേളകളിലും, തൊഴിലിന് ശേഷവും തൊഴിലാളികൾ സോപ്പ് ഉപയോഗിച്ച് കൈ കഴുകി വൃത്തിയാക്കണം.

2.സോപ്പും, കൈ കഴുകാനുള്ള വെള്ളവും പ്രവൃത്തിയിടങ്ങളിൽ കരുതണം.

3. വീട്ടിൽ തിരികെ എത്തിയ ശേഷവും കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകണം.

4 . ഏത് തരം പ്രവൃത്തിയാണെങ്കിലും വൃത്തിയുള്ള കൈയ്യുറകൾ നിർബന്ധമായും ഉപയോഗിക്കേണ്ടതാണ്. ആവശ്യമുള്ള സന്ദർഭങ്ങളിൽ മാസ്ക് ഉപയോഗിക്കേണ്ടതാണ്.

5. വിയർപ്പ് തുടയ്ക്കാൻ തോർത്ത് ഓരോരുത്തരും കയ്യിൽ കരുതണം.

6. ഓരോ ദിവസവും കഴുകി വൃത്തിയാക്കിയ തോർത്ത് വേണം ഉപയോഗിക്കാൻ.

7. സോപ്പ് ഫസ്റ്റ് എയ്ഡ് സൗകര്യമായി കണക്കാക്കി പദ്ധതിയിൽ നിന്നും ചെലവ് ചെയ്യാവുന്നതാണ്.

8. പ്രവൃത്തിയിൽ ഏർപ്പെടുന്ന തൊഴിലാളികൾ പരസ്പരം നിശ്ചിത അകലം കഴിയുന്നത്ര പാലിക്കണം (കുറഞ്ഞത് 1 മീറ്റർ). പ്രവൃത്തി സ്ഥലത്ത് തൊഴിലാളികളുടെ അനൗപചാരികമായി കൂടിച്ചേരലുകൾ ഒഴിവാക്കേണ്ടതാണ്.

9 . പനി, ചുമ, ശ്വാസതടസ്സം എന്നീ ബുദ്ധിമുട്ടുകളുള്ളവർ ഉടനെ തന്നെ അടുത്തുള്ള പി.എച്ച്.സി.യിൽ നിന്നും വൈദ്യസഹായം തേടേണ്ടതാണ്. അവർ പ്രവൃത്തിയിൽ നിന്നും മാറി നിൽക്കേണ്ടതാണ്.

10.കൊറോണ വൈറസ് ബാധയുള്ള വ്യക്തിയുമായി Contact/ബന്ധം പുലർത്തിയിട്ടുള്ള ആരെങ്കിലും ഉണ്ടെങ്കിൽ അവർ പ്രവൃത്തിയെടുക്കുന്നതിൽ നിന്നും മാറി നിൽക്കേണ്ടതാണ്.

VII.എല്ലാ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരും വി.ഇ.ഒ.മാർ മുഖേന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ട് എന്ന് മോണിറ്റർ ചെയ്ത് ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്

ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം

എല്ലാ ജില്ലാ കലക്ടർമാർക്കും

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും( പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിമാർക്കും( ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) , തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) , തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

വെബ് & ന്യൂ മീഡിയ (ഐ& പി.ആർ.ഡി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ